**Endt. No.DTETVM/1086/2025-EA5 01-02-2025**

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ സർക്കാർ / സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ് കോളേജ് സ്ഥാപനമേധാവികളുടേയും, കോതമംഗലം/കോഴിക്കോട് മേഖലാ കാര്യാലയങ്ങളിലെ ജോയിൻറ് ഡയറക്ടർമാരുടെ അറിവിലേക്കും തുടർ നടപടിക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

A Mansoor

ADMINISTRATIVE ASSISTANT

Signed by
Mansoor A
Date: 01-02-2025 12:31:30

"ഭരണഭാഷ- മാതൃഭാഷ"

OFFICE OF THE DIRECTOR OF TECHNICAL EDUCATION 31 JAN 2025 THIRUVANANTHAPURAM-23.

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / സർക്കാർ എയ്ഡഡ് എഞ്ചിനീയറിങ്ങ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം, സേവനം, വേതനം എന്നിവ സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

**ഉന്നത വിദ്യാഭ്യാസ(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.139/2025/HEDN തീയതി, തിരുവനന്തപുരം, 28-01-2025

പരാമർശം:- 1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12.02.2024, 17.08.2024 എന്നീ തീയതികളിലെ DP3/49541/23/DTE നം. കത്തുകൾ

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / സർക്കാർ എയിഡഡ് എഞ്ചിനീയറിങ്ങ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം, സേവനം, വേതനം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് SOP പുറപ്പെടുവിക്കേണ്ടതാണ്.

1 എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ പത്രപരസ്യം നൽകി അതിഥി അദ്ധ്യാപകരുടെ നിയമനത്തിനുള്ള നടപടിക്രമങ്ങൾ അതാത് നിയമനാധികാരികൾ ആരംഭിക്കേണ്ടതാണ്.

2. നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് നിലവിലെ AICTE / UGC Regulation പ്രകാരം അസിസ്റ്റന്റ് പ്രൊഫസ്സർ / അസോസിയേറ്റ് പ്രൊഫസ്സർ / പ്രൊഫസ്സർ ആയി നിയമനം നേടുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്. തസ്തിക ഏത് എന്ന വ്യത്യാസമില്ലാതെ ഗസ്റ്റ് ആയി നിയമിക്കപ്പെടുന്ന എല്ലാ അദ്ധ്യാപകർക്കും അതാത് കാലത്ത് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള തുല്യവേതനത്തിനാണ് അർഹത ഉള്ളത്.

3. അതിഥി അദ്ധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ ചുവടെപ്പറയുന്നവർ ഉണ്ടായിരിക്കേണ്ടതാണ്.

a) പ്രിൻസിപ്പൽ / പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന മുതിർന്ന അദ്ധ്യാപകൻ (കമ്മിറ്റിചെയർമാൻ).

b) വകുപ്പ് അദ്ധ്യക്ഷൻ / വകുപ്പ് അദ്ധ്യക്ഷന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകൻ

c)ബന്ധപ്പെട്ട വിഷയത്തിലെ രണ്ട് വിഷയ വിദഗ്ദ്ധർ

d)SC/ ST/ Minority/ Women/ Differently Abled എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഭിമുഖത്തിന് പങ്കെടുക്കുന്നുണ്ടെങ്കിൽ ടി വിഭാഗത്തിൽപ്പെട്ട ഒരു അദ്ധ്യാപക പ്രതിനിധി നിർബന്ധമായും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

മിനിമം നാല് പേർ ഹാജരായിട്ടുണ്ടെങ്കിൽ ക്വാറം പൂർത്തിയായതായി പരിഗണിക്കാവുന്നതാണ്.

4. അതാത് വകുപ്പുകളിലെ വർക്ക് ലോഡ് പ്രകാരം സ്ഥിര അദ്ധ്യാപകർക്ക് AICTE അഥവാ UGC ഏതാണോ ബാധകം അത് പ്രകാരം നിർവചിക്കപ്പെട്ട വർക്ക് ലോഡ് അനുവദിച്ചതിന് ശേഷമുള്ള വർക്ക് ലോഡിലേക്ക് മാത്രമേ അതിഥി അദ്ധ്യാപകരെ നിയമിക്കാൻ പാടുള്ളൂ. ഇതിനായി കുറഞ്ഞത് 5 മണിക്കൂർ എങ്കിലും ജോലി ഭാരം ഉണ്ടായിരിക്കണം.

5.അതിഥി അദ്ധ്യാപകരുടെ ആഴ്ചയിലെ ജോലി ഭാരം 5 മുതൽ 7 മണിക്കൂർ വരെയാണെങ്കിൽ പരമാവധി 3 ദിവസമായും, 8 മുതൽ 10 മണിക്കൂർ വരെയാണെങ്കിൽ പരമാവധി 4 ദിവസമായും, 11 മണിക്കൂറോ അതിലധികമോ ആണെങ്കിൽ പരമാവധി 6 ദിവസമായും കണക്കാക്കി അതിഥി അദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്.

6.അതിഥി അദ്ധ്യാപികയ്ക്ക് /അദ്ധ്യാപകന് ഒരു ദിവസത്തെ ജോലിയായി കണക്കിലെടുക്കണമെങ്കിൽ അയാൾക്ക് അന്ന് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും തിയറി / പ്രാക്ടിക്കൽ ക്ലാസ് / വിദ്യാർത്ഥികളുടെ സെമിനാർ കോ-ഓർഡിനേഷനുമായി ബന്ധപ്പെട്ട ജോലി ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം ജോലികളില്ലാത്ത ദിവസങ്ങളിൽ NBA accreditation നുമായി ബന്ധപ്പെട്ട ഡോക്യുമെന്റ് തയ്യാറാക്കൽ മുതലായ ജോലിക്കായി അതിഥി അദ്ധ്യാപികയെ / അദ്ധ്യാപകനെ ജോലി ചെയ്യിക്കേണ്ട ആവശ്യകത വന്നാൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പാളിന്റെ മുൻകൂർ അനുമതിയോടു കൂടിയും സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ അതാത് റീജിയണൽ ഡയറക്ടറേറ്റിൽ നിന്നും ഉള്ള മുൻകൂർ അനുമതിയോടു കൂടിയും അതിഥി അദ്ധ്യാപികയുടെ/ അദ്ധ്യാപകന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ മുൻകൂർ അനുമതിക്കായി ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രിൻസിപ്പാളിന് മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് permanent faculty : guest Faculty ആനുപാതത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യാം.

7.അതിഥി അദ്ധ്യാപകരെ നിയമിക്കുന്നത് ദിവസ വേതനഅടിസ്ഥാനത്തിലായതിനാൽ ടി ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന ദിവസത്തെ ശമ്പളത്തിന് മാത്രമാണ് അർഹത. മറ്റ് യാതൊരുവിധ

ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. നിയമന ഉത്തരവിൽ നിയമനാധികാരി ഇക്കാര്യം രേഖപ്പെടുത്തേണ്ടതാണ്.

8.അതിഥി അദ്ധ്യാപകരെ ഇൻവിജിലേഷൻ ഡ്യൂട്ടി, മൂല്യ നിർണയ ക്യാമ്പുകൾ, ലാബ്, internal / external പരീക്ഷ ഡ്യൂട്ടികൾ, കലാ-കായിക-സാങ്കേതിക പ്രവർത്തനങ്ങൾ എന്നിവക്ക് നിയമിക്കാവുന്നതും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്ന പക്ഷം ജോയിന്റ് ഡയറക്ടർക്ക് ശമ്പളം അനുവദിക്കാവുന്നതും ആണ്.

9.അതിഥി അദ്ധ്യാപകരെ പഠന യാത്രകൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യങ്ങളിൽ പ്രിൻസിപ്പാളിന്റെ ഉത്തരവിന് വിധേയമായും സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യങ്ങളിൽ അതാത് ജോയിന്റ് ഡയറക്ടറുടെ ഉത്തരവിന് വിധേയമായും നിയമിക്കാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കാവുന്നതുമാണ്

10.സെമസ്റ്റർ അവസാനിച്ചതിന് ശേഷം യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരം ക്ലാസ്സുകൾ/പരീക്ഷകൾ/മൂല്യനിർണയ ക്യാമ്പുകൾ എന്നിവ തുടരുന്നുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ/ പരീക്ഷകൾ/ മൂല്യനിർണയ ക്യാമ്പുകൾ തീരുന്ന തീയതി വരെ അതിഥി അദ്ധ്യാപകർക്ക് തുടരാവുന്നതും പ്രസ്തുത കാലയളവിലേക്കുള്ള ശമ്പളം അനുവദിക്കാവുന്നതുമാണ്.

11.സെമസ്റ്റർ അവസാനിച്ചതിന് ശേഷം Remedial ക്ലാസ്സുകൾക്ക് പരമാവധി നാലു ദിവസവും, Internal മാർക്കുകൾ KTU പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും, Course File - കളും മറ്റും ഓഡിറ്റുമായി ബന്ധപ്പെട്ട ഡോക്യൂമെന്റേഷൻ പൂർണമാക്കുന്നതിനും വേണ്ടി പരമാവധി രണ്ടു ദിവസവും സ്ഥാപന മേധാവിയുടെ അനുമതിയോടു കൂടി അനുവദിക്കാവുന്നതും ആയതിനു ശമ്പളം അനുവദിക്കാവുന്നതും ആണ്.

12. അക്കാദമിക വർഷം അവസാനിച്ചതിന് ശേഷം യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരം ക്ലാസ്സുകൾ തുടരുന്നുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ അവസാനിക്കുന്ന തീയതി വരെ അതിഥി അദ്ധ്യാപകർക്ക് തുടരാവുന്നതും പ്രസ്തുത കാലയളവിലേക്കുള്ള ശമ്പളം അനുവദിക്കാവുന്നതുമാണ്.

13. ഒരു സ്ഥിര അദ്ധ്യാപിക / അദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുമ്പോൾ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും നിയമനം നേടിയിട്ടുള്ള അവസാനത്തെ റാങ്കുകാരനെ / റാങ്കുകാരിയെ വിടുതൽ ചെയ്യേണ്ടതാണ്.

14. അതിഥി അദ്ധ്യാപക നിയമന നടപടികൾ അവസാനിച്ച ഉടൻ തന്നെ ടി അദ്ധ്യാപകർക്ക് ശമ്പള വിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അതാത് നിയമനാധികാരി നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

15. ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരാകുന്ന അദ്ധ്യാപകരുടെ അതത് മാസത്തെ ശമ്പള ബിൽ സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ തൊട്ടടുത്ത മാസം മൂന്നാമത്തെ പ്രവർത്തി ദിവസത്തിനു മുമ്പായി ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട ശമ്പള വിതരണ ഓഫീസർ പത്താമത്തെ പ്രവർത്തി ദിവസത്തിനു മുമ്പായി ശമ്പളം നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇതിനായുള്ള നടപടിക്രമങ്ങൾ ഈ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുവെന്നും ശമ്പള വിതരണ ഓഫീസർ ഉറപ്പാക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കാവുന്നതാണ്.

16.സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ അതിഥി അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞാൽ അതത് ജോയിന്റ് ഡയറക്ടർമാർ നിയമനം അംഗീകരിക്കാവുന്നതാണെങ്കിൽ അംഗീകരിക്കേണ്ടതും അംഗീകാരം ലഭിച്ച അതിഥി അദ്ധ്യാപകർക്ക് എല്ലാ മാസവും കൃത്യമായി ശമ്പള വിതരണം ചെയ്യേണ്ടതുമാണ്.

17. ആകെ തസ്തികയുടെ മൂന്നിരട്ടിയിൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ, സ്ഥാപനങ്ങൾക്ക് ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തി ഇന്റർവ്യൂവിന് ആകെ തസ്തികയുടെ മൂന്നിരട്ടി അപേക്ഷകരെ ഷോർട്ട് ലിസ്റ്റ് ചെയ്യാം. അല്ലാത്ത പക്ഷം, അപേക്ഷിച്ച എല്ലാവരെയും ഇന്റർവ്യൂവിന് വിളിക്കാവുന്നതാണ്.

__റാങ്ക് പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം__

അക്കാദമിക് സ്കോറിന് 84 മാർക്കും, റിസർച്ച് പബ്ലിക്കേഷനും ടീച്ചിംഗ് / പോസ്റ്റ് ഡോക്ടറൽ എക്സ്പീരിയൻസിനും ചേർത്ത് 16 മാർക്കും (**Based on Table 1- Split up of marks for Academic Performance of candidates for Engineering Stream and Table II - Split up of marks for Academic Performance of candidates for Non Engineering Stream**) കൂട്ടി ആകെ 100 മാർക്കിലുള്ള സ്കോർ കണ്ടെത്തണം. ഈ സ്കോറിന്റെ 80% പരിഗണിച്ചും 20 മാർക്ക് അഭിമുഖത്തിനു നൽകിയുമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ആകെ മാർക്ക് നിശ്ചയിക്കേണ്ടത്. അഭിമുഖത്തിന് ഉദ്യോഗാർത്ഥിയുടെ പഠിപ്പിക്കാനുള്ള അഭിരുചി മനസ്സിലാക്കുകയും അതിന്

ഊന്നൽ നൽകേണ്ടതുമാണ്. ഒന്നിലധികം പേർക്ക് 100 ൽ ഒരേ മാർക്ക് ലഭിക്കുന്ന സംഗതികളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് / ഷോർട്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. ഒരേ മാർക്ക് ലഭിക്കുന്ന രണ്ട് പേരിൽ രണ്ടു് പേരും പി. എസ്. സി. റാങ്ക് ലിസ്റ്റ് / ഷോർട്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവരോ രണ്ടു് പേരും പി. എസ്. സി. റാങ്ക് ലിസ്റ്റ് / ഷോർട്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരോ ആകുന്ന സംഗതികളിൽ ആദ്യം ജനിച്ച ആൾക്ക് മുൻഗണന നൽകേണ്ടതാണ്.

18. ആഴ്ചയിൽ 3-4 മണിക്കൂർ മാത്രം ജോലി ഭാരമുള്ള ഏകാദ്ധ്യാപക വിഷയങ്ങളിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതും, ആഴ്ചയിൽ 2 ദിവസമായി ഇവരെ ജോലിക്ക് നിയോഗിക്കുന്ന വിധം മാസ്റ്റർ ടൈം ടേബിൾ ക്രമീകരിക്കേണ്ടതുമാണ്.

**Table 1**

**Split up of marks for Academic Performance of candidates for the post of Assistant Professor in Colleges**

**(Engineering Stream)**

| No. | Academic Record | Score | | | |
|---|---|---|---|---|---|
| 1 | Graduation | >80% =28 | >60% & less than or equal to 80%=25 | >55% & less than or equal to 60% =20 | >45% &less than or equal to 55% =10 |
| 2 | Post Graduation | >80% =23 | >60 % & less than or equal to 80% =20 | >55% &less than or equal to 60% =10 | |
| 3 | Ph.D | 30 | | | |
| 4 | Awards(Maximum 3 Marks) | | | | |
| | International/National Level (Awards given by international Organisations/Government of India/Government of India recognised National Level Bodies) | 03 | | | |
| | State Level(Awards given by State Government) | 02 | | | |
| | Research Publications(2 | | | | |

| | | |
|---|---|---|
| 5 | Marks for each research publications published in peer Reviewed or UGC-listed journals) | 06 |
| 6 | Teaching/Post Doctoral Experience(2 marks for one year each) | 10 |
| | However, if the period of teaching/post-doctoral experience is less than one year then the mark shall be reduced proportionately | |

**Table II**

Split up of marks for Academic Performance of candidates for the post of Assistant Professor in Colleges

(Non Engineering Stream)

| Sl. No. | Academic Record | Score | | | |
|---|---|---|---|---|---|
| 1 | Graduation | >80% =28 | >60 % & less than or equal to 80%=25 | >55% & less than or equal to 60%=20 | >45 % & less than or equal to 55% =10 |
| 2 | Post Graduation | >80 % =23 | >60 % & less than or equal to 80 % =20 | >55 % & less than or equal to 60% =10 | |
| 3 | M.Phil (see note below) | >60% =07 | >55% & less than or equal to 60% =05 | | |
| 4. | Ph.D(see note below) | 20 | | | |
| 5 | Max Marks-10 | | | | |
| | NET with JRF | 10 | | | |
| | NET | 08 | | | |
| | SLET/SET | 05 | | | |
| 6 | Awards (Maximum 3 marks) | | | | |
| | International/National Level(Awards given by International Organisations/Government of India/Government of India recognised National Level Bodies) | 03 | | | |

| | | |
|---|---|---|
| | State Level (Awards given by State Government) | 02 |
| 7 | Research Publications (2 marks for each research publications published in peer Reviewed or UGC-listed Journals) | 06 |
| 8 | Teaching/Post Doctoral Experience (2 marks for one year each) | 10 |
| | However, if the period of teaching/post-doctoral experience is less than one year then the marks shall be reduced proportionately. | |

Note:

(A)

i.M.Phil +Ph.D Maximum 20 marks for non engineering stream

ii.JRF/NET/SET/SLET Maximum 10 marks for non engineering stream

iii.In awards category Maximum 03 marks(both categories)

B)Number of candidates to be called for interview shall be decided by the college

C)Academic Score 84

Research Publications 06

Teaching Experience 10

Total 100

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി അജയൻ

അഡിഷണൽ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

എല്ലാ സർക്കാർ/സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും(സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ &ഇ),ബ്രാഞ്ച് ഓഫീസ്,കോട്ടയം

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം,വിവരം പൊതുജനസമ്പർക്ക വകുപ്പ്

www.higehreducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
സെക്ഷൻ ഓഫീസർ
Date: 29-01-2025 15:49:04